കൊള്ളലാഭം കൊയ്ത് വന്ദേഭാരത്

തിരുവനന്തപുരം

വിമാനടിക്കറ്റ് നിരക്കിനെപ്പോലും കടത്തിവെട്ടുന്ന വന്ദേഭാരതിലൂടെ റെയിൽവേ നേടുന്നത് കൊള്ളലാഭം. സംസ്ഥാനത്ത് ഓടുന്ന വന്ദേഭാരത് ട്രെയിൻ ആറുദിവസം കൊണ്ട് ടിക്കറ്റിനത്തിൽ നേടിയത് 2.7 കോടി രൂപയെന്നാണ് അനൗദ്യോഗിക കണക്ക്.

ഈ കാലയളവിൽ 27,000 പേരാണ് യാത്രചെയ്തത്. മെയ് 14 വരെയുള്ള ടിക്കറ്റുകളെല്ലാം ബുക്കിങ് പൂർത്തിയായതായാണ് വിവരം.

വന്ദേഭാരതിൽ സാധാരണ ടിക്കറ്റ് ചാർജ് ചെയർ കാറിൽ കാസർകോട്ടേക്ക് 1590 രൂപയും എക്സിക്യൂട്ടീവ് ക്ലാസിൽ 2880 രൂപയുമാണ്. കാസർകോടുവരെ തത്കാൽ നിരക്കായി 3500 രൂപയാണ് കുറഞ്ഞ നിരക്ക്.

കാരുണ്യ പ്ലസ് ലോട്ടറി ഒന്നാം സമ്മാനം താമരക്കുളം സ്വദേശിക്ക്

ചാരുംമൂട്

കാരുണ്യ പ്ലസ് ലോട്ടറിയുടെ ഒന്നാം സമ്മാനം 80 ലക്ഷം രൂപ താമരക്കുളം രാജാലയത്തിൽ സോമരാജന് ലഭിച്ചു. പിജി 853989 നമ്പരിലുള്ള ടിക്കറ്റിനാണ് സമ്മാനം. താമരക്കുളത്തെ സൗഭാഗ്യ ലക്കി സെന്ററിൽനിന്നാണ് ടിക്കറ്റെടുത്തത്.

വീടുകൾക്കുള്ള തടിപ്പണി ചെയ്യുന്ന സോമരാജൻ സ്ഥിരമായി ലോട്ടറിയെടുക്കാറുണ്ട്. കഴിഞ്ഞ ദിവസമെടുത്ത ടിക്കറ്റുമായി വെള്ളിയാഴ്ച ലോട്ടറി വിൽപ്പന കേന്ദ്രത്തിലെത്തിയപ്പോഴാണ് സമ്മാനം ലഭിച്ച വിവരമറിയുന്നത്. ഒറ്റത്തവണ ഒന്നിലധികം ടിക്കറ്റെടുക്കാറുള്ള സോമരാജൻ ബുധനാഴ്ച ഒറ്റ ടിക്കറ്റേ വാങ്ങിയുള്ളൂ. അതിലൂടെ ഭാഗ്യവും വന്നു. ഒരാഴ്ച 70 ടിക്കറ്റുകൾ വരെ എടുത്തിട്ടുള്ള സോമരാജന് ആദ്യമായാണ് ഒന്നാം സമ്മാനം അടിക്കുന്നത്. 5000 രൂപ വരെയുള്ള സമ്മാനങ്ങൾ നിരവധി തവണ ലഭിച്ചെന്ന് സോമരാജൻ പറഞ്ഞു.

താമരക്കുളം ഗവ. ആയുർവേദ ആശുപത്രിയിലെ ജീവനക്കാരിയായ പൊന്നമ്മയാണ് ഭാര്യ. ദുബൈയിലുള്ള മകൻ അനുരാജ്, മകൾ ആശ രാജ്, മരുമക്കൾ എന്നിവരെ ലോട്ടറിയടിച്ച വിവരം അറിയിച്ചതായും കുടുംബാംഗങ്ങളുടെ അഭിപ്രായപ്രകാരം മുന്നോട്ടു നീങ്ങുമെന്നും സോമരാജൻ പറഞ്ഞു.

അജയൻനായരുടെ സൗഭാഗ്യ ലക്കി സെന്ററിൽനിന്ന് വിറ്റ ടിക്കറ്റിനാണ് ഒന്നാം സമ്മാനമെന്ന് നറുക്കെടുപ്പ് നടന്ന വ്യാഴാഴ്ച അറിഞ്ഞിരുന്നെങ്കിലും ഭാഗ്യവാനെ കണ്ടെത്താനായിരുന്നില്ല.

മകന്റെ സ്കൂട്ടർ കത്തിക്കാൻ ക്വട്ടേഷൻ: ഉമ്മയും സഹായികളും അറസ്റ്റിൽ

മേലാറ്റൂർ

മകന്റെ സ്കൂട്ടർ കത്തിക്കാൻ ക്വട്ടേഷൻ കൊടുത്ത ഉമ്മയും സഹായികളും അറസ്റ്റിൽ. പട്ടിക്കാട് മുള്ളിയാകുർശി കൂട്ടുമൂച്ചിക്കൽ കോളനിയിലെ തച്ചാംക്കുന്നൻ നഫീസ (48), അയൽവാസി കീഴുവീട്ടിൽ മെഹബൂബ് (58), തമിഴ്നാട് സ്വദേശി ഖ്വാജാ ഹുസൈൻ (39), അബ്ദുൾ നാസർ (പൂച്ച നാസർ –32) എന്നിവരെയാണ് മേലാറ്റൂർ പൊലീസ് അറസ്റ്റ് ചെയ്തത്. മെയ് ഒന്നിന് പുലർച്ചെ മൂന്നിനാണ് സംഭവം. മകൻ മുഹമ്മദ് ഷെഫീഖ് വീട്ടുമുറ്റത്ത് നിർത്തിയിട്ട സ്കൂട്ടർ പെട്രോൾ ഒഴിച്ച് കത്തിക്കുകയായിരുന്നു. നഫീസക്ക് മറ്റൊരാളുമായുണ്ടായ അടുപ്പത്തെ മകൻ ചോദ്യംചെയ്തതിലുള്ള വിരോധമാണ് സ്കൂട്ടർ കത്തിക്കാൻ ക്വട്ടേഷൻ സംഘാംഗങ്ങളെ നിയോഗിച്ചതെന്ന് പൊലീസ് പറഞ്ഞു.

വ്യാജ അഭിഭാഷകയുടെ ജാമ്യാപേക്ഷ കോടതി തള്ളി

ആലപ്പുഴ

വ്യാജ അഭിഭാഷക സെസി സേവ്യറുടെ ജാമ്യ ഹർജി ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് വി മഞ്ജു തള്ളി. പൊലീസ് കസ്റ്റഡി സമയപരിധി കഴിഞ്ഞതിനാൽ സെസി സേവ്യറെ പൊലീസ് കോടതിയിൽ ഹാജരാക്കി. റിമാൻഡ് കാലാവധി എട്ടുവരെ ദീർഘിപ്പിച്ച് കോടതി ഇവരെ സബ്ജയിലിലേക്ക് അയച്ചു.

മെയ് അഞ്ചുവരെയായിരുന്നു സെസി സേവ്യറെ കോടതി പൊലീസ് കസ്റ്റഡിയിൽ വിട്ടിരുന്നത്. വെള്ളിയാഴ്ച കോടതിയിൽ ഹാജരാക്കിയപ്പോൾ ഇവരുടെ ജാമ്യാപേക്ഷയും കോടതി പരിഗണിക്കുകയായിരുന്നു. പ്രോസിക്യൂഷനുവേണ്ടി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ കെ അനിൽകുമാർ ഹാജരായി. സെസി സേവ്യർക്ക് ഒളിവിൽ പാർക്കാൻ സൗകര്യമൊരുക്കി എന്ന് ആരോപിച്ച് രണ്ട് വൈദികരെ ക്രൈംബ്രാഞ്ച് രണ്ടും മൂന്നും പ്രതികളാക്കി അന്വേഷണസംഘത്തിന്റെ മുന്നിൽ ഹാജരാകാൻ നോട്ടീസ് നൽകി.

■ കടൽ ഖനന കൊള്ളയ്ക്കെതിരെ

രാജ്ഭവനിലേക്ക് മത്സ്യത്തൊഴിലാളികളുടെ ഉജ്വല മാർച്ച്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കടലിൽ മണൽ ഖനനം നടത്താൻ കോർപറേറ്റ് കമ്പനികൾക്ക് അനുമതി നൽകാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ മത്സ്യത്തൊഴിലാളി സംഘടനകളുടെ പൊതുവേദിയായ കേരള ഫിഷറീസ് കോ– ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ രാജ്ഭവനിലേക്ക് മത്സ്യത്തൊഴിലാളികളുടെ പടുകൂറ്റൻ മാർച്ച്.

മാർച്ച് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി ഉദ്ഘടനംചെയ്തു. പരമ്പരാഗതമായി കടലിൽ പോയി മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നവരുടെയും അനുബന്ധമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും ജീവിതത്തെ തകർക്കുന്ന കേന്ദ്ര നയത്തിനെതിരെ കൂടുതൽ ശക്തമായ പ്രക്ഷോഭത്തിന് ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ നേതൃത്വം നൽകുമെന്ന് എളമരം കരീം എംപി പറഞ്ഞു. കോർപറേറ്റുകൾക്ക് കടലിനെ കൊള്ളയടിച്ച് നൂറുകണക്കിന് കോടി രൂപയുടെ ധാതുസമ്പത്തുകൾ കൈവശപ്പെടുത്താൻ അനുമതി നൽകുന്നത് തികച്ചും രാജ്യദ്രോഹപരമാണെന്ന് അദ്ദേഹം പറഞ്ഞു.

മത്സ്യത്തൊഴിലാളി കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് പി അശോകൻ അധ്യക്ഷനായി. ജനറൽ കൺവീനർ പി പി ചിത്തരഞ്ജൻ എംഎൽഎ, ജെ മേഴ്സിക്കുട്ടിയമ്മ,എസ് ശർമ, ഉമ്മർ ഒട്ടുമ്മൽ, മഞ്ചാടി അലി (എസ്ടിയു), ജാക്സൺ വെള്ളായിൽ (സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ), ടി രഘുവരൻ (എഐടിയുസി), ആർ ഗംഗാധരൻ,

മുനമ്പം സന്തോഷ് (മത്സ്യത്തൊഴിലാളി കോൺഗ്രസ്), ആർ പ്രസാദ് (എഐടിയുസി), ചാൾസ് ജോർജ്, പി ജെയ്ൻ (ടി യു സിഐ), അഡ്വ.അഡോൾഫ്, മത്സ്യഫെഡ് ചെയർമാൻ ടി മനോഹരൻ, മത്സ്യ ബോർഡ് ചെയർമാൻ കൂട്ടായി ബഷീർ, പുല്ലുവിള സ്റ്റാൻലി എന്നിവർ സംസാരിച്ചു.

ഫിഷറീസ് കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികളുടെ രാജ്ഭവൻ മാർച്ച് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എം പി ഉദ്ഘാടനം ചെയ്യുന്നു

തൊഴിൽമേള ഇന്ന്

തിരുവനന്തപുരം

കേരള നോളജ് ഇക്കോണമി മിഷൻ ബ്ലൂം ബ്ലൂമുമായി സഹകരിച്ച് ശനിയാഴ്ച തിരുവനന്തപുരത്ത് തൊഴിൽമേള സംഘടിപ്പിക്കും. രാവിലെ 9 മുതൽ നാലാഞ്ചിറ, മാർ ഇവാനിയോസ് വിദ്യാനഗറിലെ ബി ഹബിലാണ് മേള. ബി ഹബ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികളും തിരുവനന്തപുരത്തുനിന്നുള്ള മറ്റു പ്രധാന കമ്പനികളും മേളയിൽ പങ്കെടുക്കും. രജിസ്ട്രേഷനായി DWMS കണക്ട് ആപ്പിൽ ലോഗിൻ ചെയ്യുക. അല്ലെങ്കിൽ https://knowledgemission.kerala.gov.in/ എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്യുക. ഫോൺ 0471 2737883.

സ്വർണവില സർവകാല റെക്കോഡിൽ; പവന് 45,760 രൂപ

കൊച്ചി

സംസ്ഥാനത്ത് സ്വർണവില വീണ്ടും ഉയർന്നു. വെള്ളിയാഴ്ച പവന് 160 രൂപ വർധിച്ച് 45,760 രൂപയായി. ഗ്രാമിന് 20 രൂപ വർധിച്ച് 5720ഉം ആയി. ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിലയാണിത്. തുടർച്ചയായ മൂന്നാംദിവസമാണ് വില ഉയരുന്നത്. മൂന്നുദിവസംകൊണ്ട് പവന് 1200 രൂപ വർധിച്ചു.

സെന്റ് ജോസഫ്സ് കത്തീഡ്രലിന് 150 വയസ്സ്

തിരുവന്തപുരം

ഒന്നരനൂറ്റാണ്ടിന്റെ നിറവിൽ പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ. ഡിസംബർ മൂന്നുവരെ നീളുന്ന 150–ാം വാർഷികാഘോഷ ചടങ്ങുകൾക്ക് തുടക്കമായി. അതിരൂപതാ ആർച്ച് ബിഷപ് ഡോ. തോമസ് ജെ നെറ്റോയുടെ കാർമികത്വത്തിൽ കുർബാനയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. യൂറോപ്യൻ ഗോഥിക് വാസ്തുവിദ്യാ മാതൃകയിൽ 1927ലാണ് പാളയം പള്ളിയുടെ നിർമാണം ആരംഭിച്ചത്. വിദേശ മിഷണറിയായ ഫാ. ഫ്രാൻസിസ് മിരാൻഡയാണ് പാളയത്തിനടുത്ത് സ്ഥലം വാങ്ങി പള്ളി നിർമാണത്തിന് തുടക്കമിട്ടത്. 1864 ഒക്ടോബർ 10ന് അന്നത്തെ വികാരി ഫാ. ഫ്രാൻസിസ് മിരാൻഡ ദേവാലയത്തിന് തറക്കല്ലിട്ടെങ്കിലും 1873ൽ ഫാ. എമിജിയസിന്റെ കാലത്താണ് നിർമാണം പൂർത്തിയാക്കിയത്. 1873 മെയ് നാലിന് അന്നത്തെ കൊല്ലം ബിഷപ് എൽഡ ഫോൺസ് ബോർഞ്ഞ പള്ളി ആശീർവദിച്ചു. 1927ൽ തുടങ്ങി ആറു വർഷമെടുത്ത് വീണ്ടും നടത്തിയ നിർമാണ പ്രവർത്തനങ്ങളിലൂടെയാണ് പള്ളി ഇപ്പോഴത്തെ രൂപത്തിലേക്ക് എത്തിയത്. സെന്റ് ജോസഫ്സ് കത്തീഡ്രലിന്റെ സുവർണ ജൂബിലി 1923ലും ശതാബ്ദി 1973ലും ആഘോഷിച്ചിരുന്നു.

പാളയം സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രലിന്റെ 150–ാം വാർഷികത്തിന്റെ ഭാഗമായി തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ നെറ്റോയുടെ കാർമികത്വത്തിൽ പ്രദക്ഷിണം അൽത്താരയിലേക്കെത്തുന്നു

കാലത്തിനുമുമ്പേ സഞ്ചരിക്കും കേരള വിദ്യാഭ്യാസം

സ്വന്തം ലേഖകൻ

കോഴിക്കോട്

പുതിയ കാലത്തെ വെല്ലുവിളികളെ നേരിടുന്നതിനുള്ള ആശയ ഉള്ളടക്കം രൂപപ്പെടുത്തി രാജ്യത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ സംവാദത്തിന് സമാപനം. അഞ്ചാം കേരള പഠന കോൺഗ്രസിന് മുന്നോടിയായാണ് പൊതു വിദ്യാഭ്യാസ വികസനത്തിന് പുതുമാതൃകയായ നടക്കാവ് ജിവിഎച്ച്എസ്എസ് മൂന്നുനാൾ നീളുന്ന സെമിനാറിന് വേദിയായത്. എ കെ ജി പഠന ഗവേഷണ കേന്ദ്രവും കേളുഏട്ടൻ പഠന ഗവേഷണ കേന്ദ്രവും ചേർന്ന് സംഘടിപ്പിച്ച സെമിനാർ ആശയ സംവാദങ്ങളാൽ സമ്പന്നമായി.

വിദ്യാഭ്യാസരംഗത്ത് ബഹുദൂരം മുന്നേറിയ കേരളം പുതിയ കാലത്തിന്റെ സാധ്യതകളെയും വെല്ലുവിളികളെയും സ്വായത്തമാക്കാനുള്ള അന്വേഷണമാണ് പ്രധാനമായും നടത്തിയത്. അതിന് അക്കാദമിക് തലത്തിലും പാഠ്യപദ്ധതിയിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്ന നിർദേശങ്ങളും സെമിനാർ മുന്നോട്ടുവച്ചു.

പ്രീ സ്കൂൾ, അധ്യാപക പ്രൊഫഷണലിസം, സ്കൂൾ മേള, കോവിഡാനന്തര വിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, ലിംഗ നീതി, ശാസ്ത്ര ബോധം, ചരിത്രബോധം, സാങ്കേതികവിദ്യ, രക്ഷാകർതൃ വിദ്യാഭ്യാസം, ഭാഷാപഠനം തുടങ്ങിയ വ്യത്യസ്ത പഠന മേഖലകളെക്കുറിച്ചുള്ള ആഴത്തിലുള്ള ചർച്ചകളും സംവാദവുമാണ് നടന്നത്.

ദേശീയ വിദ്യാഭ്യാസ നയം ഉയർത്തുന്ന വെല്ലുവിളികളാണ് സെമിനാർ പ്രധാനമായും കൈകാര്യംചെയ്ത മറ്റൊരു വിഷയം. കേരളത്തിന്റെ ജനകീയ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെ പൂർണമായും ഇല്ലാതാക്കുന്ന പ്രതിലോമ നിർദേശങ്ങളെ മറികടക്കാനുതകുന്ന നയപരിപാടികൾക്ക് സെമിനാർ രൂപംനൽകി.

അക്കാദമിക് രംഗത്തെ പ്രമുഖരാണ് വിഷയം അവതരിപ്പിച്ചത്. മൂന്ന് ദിവസങ്ങളിലായി 115 സമ്മേളനങ്ങൾ ചേർന്നു. 628 പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ സെഷനുകളിലായി ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുത്തു. 450 വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മികവുറ്റ നൂതന പരീക്ഷണങ്ങളുടെ അനുഭവം പങ്കിട്ടു. ചർച്ചകൾക്കുശേഷം നിർദേശങ്ങൾ ക്രോഡീകരിച്ചു. ഈ രേഖയാണ് അഞ്ചാം പഠന കോൺഗ്രസിൽ അവതരിപ്പിക്കുക.

ചിത്രാപൗർണമി ഉത്സവത്തിന് ആയിരങ്ങൾ

ചിത്രാ പൗർണമി ആഘോഷത്തിന് മംഗളാദേവി ക്ഷേത്രത്തിൽ എത്തിയ തീർഥാടകർ

സ്വന്തം ലേഖകൻ

കുമളി

പെരിയാർ കടുവ സങ്കേതത്തിനുള്ളിലെ പുരാതന കണ്ണകി ക്ഷേത്രമായ മംഗളാദേവിയിൽ ആയിരങ്ങളുടെ പങ്കാളിത്തത്തോടെ ചിത്രാപൗർണമി ഉത്സവം ആഘോഷിച്ചു. മംഗളാദേവിയിൽ വർഷത്തിൽ ഒരിക്കൽ മാത്രമാണ് പ്രവേശനം. ചൈത്രമാസത്തിലെ ചിത്തിരനാളിലെ പൗർണമി അഥവാ ചിത്രാപൗർണമി ദിനമായ വെള്ളിയാഴ്ച ഇരു സർക്കാരുകളുടെയും സംയുക്ത നേതൃത്വത്തിലാണ് ഉത്സവം നടത്തിയത്. കേരളത്തിലെയും തമിഴ്നാട്ടിലേയും തീർഥാടകരും സഞ്ചാരികളും ചരിത്ര വിദ്യാർഥികളും ഉൾപ്പെടെയുള്ളവർ ഇത്തവണയും എത്തി.

നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രത്തിലെ ഉത്സവനാളിൽ ഇരു സംസ്ഥാനങ്ങളുടേയും സംപ്രദായങ്ങളനുസരിച്ച് പ്രത്യേകം പൂജകളാണ് നടന്നത്. അടുത്തടുത്ത രണ്ട് ശ്രീകോവിലുകളിലും മംഗളാദേവി പ്രതിഷ്ഠയാണുള്ളത്. ഇരു കോവിലുകളിലും പുലർച്ചെ അഞ്ചോടെ നട തുറന്ന് ചടങ്ങുകൾ ആരംഭിച്ചു. ആദ്യ ശ്രീകോവിലിലും പെരുമാൾ കോവിലുകളിലും കേരളരീതിയിലുള്ള പൂജകൾക്ക് തന്ത്രി സൂര്യകാലടി സൂര്യൻ, ജയസൂര്യ ഭട്ടതിരിപ്പാട്, മേൽശാന്തി ദിലീപ്കുമാർ വള്ളിയങ്കാവ് എന്നിവർ നേതൃത്വം നൽകി. തൊട്ടടുത്ത ശ്രീകോവിലിൽ തമിഴ്നാട് രീതിയിലുള്ള പൂജകളും നടത്തി.

ഇടുക്കി, തേനി ജില്ലാ ഭരണകൂടങ്ങളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ കേരള തമിഴ്നാട് പൊലീസ്, റവന്യൂ, വനം വകുപ്പ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പ്, ആരോഗ്യം, അഗ്നി രക്ഷാ സേന അധികൃതർ സംയുക്തമായാണ് ഉത്സവം നടത്തിയത്.

കുമളിയിൽനിന്നും വനത്തിനുള്ളിലൂടെ 14 കി. മീറ്ററോളം സഞ്ചരിച്ചാണ് ആളുകൾ ക്ഷേത്രത്തിലെത്തിയത്. കുടിവെള്ളവും ശുചിസൗകര്യവും ഏർപ്പെടുത്തിയിരുന്നു. പ്രത്യേക പാസ് നൽകി ഗതാഗതവും ക്രമീകരിച്ചു. ഇടുക്കി കലക്ടർ ഷീബ ജോർജ്, സബ് കലക്ടർ അരുൺ എസ് നായർ, പീരുമേട് തഹസിൽദാർ സണ്ണി ജോർജ്, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരും ഉത്സവത്തിന്റെ ക്രമീകരണങ്ങളിൽ പങ്കുചേർന്നു.

മധ്യപ്രദേശിൽ കുടുംബത്തിലെ ആറുപേരെ വെടിവച്ച് കൊന്നു

ഭോപാൽ

മധ്യപ്രദേശിലെ മൊറേനയിൽ ഒരു കുടുംബത്തിലെ മൂന്ന് സ്ത്രീകൾ ഉൾപ്പെടെ ആറ് പേരെ അക്രമിസംഘം വെടിവച്ച് കൊന്നു. രണ്ടുപേരെ ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നിരായുധരായ സംഘത്തെ അക്രമികൾ റൈഫിൾ ഉപയോഗിച്ച് വെടിവയ്ക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നു. വെടിവച്ചിട്ട ശേഷം മരത്തടികൾകൊണ്ട് ഇവരെ മർദിക്കുന്നതും ദൃശ്യങ്ങളിലുണ്ട്. വെള്ളി രാവിലെ പത്തോടെയായിരുന്നു സംഭവം.

2013ൽ ഗ്രാമത്തിലെ ധീർ സിങ് തോമറുടെ കുടുംബവും ഗജേന്ദ്ര സിങ് തോമറുടെ കുടുംബവും തമ്മിലുണ്ടായ സംഘർഷത്തിന്റെ തുടർച്ചയാണ് വെള്ളിയാഴ്ചത്തെ സംഭവമെന്ന് പൊലീസ് പറഞ്ഞു. മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട് 2013ലുണ്ടായ സംഘർഷത്തിൽ ധീർ സിങ് തോമറുടെ കുടുംബത്തിലെ രണ്ട് പേർ കൊല്ലപ്പെട്ടിരുന്നു. ഇതോടെ ഗജേന്ദ്ര സിങ്ങും കുടുംബവും ഗ്രാമം വിട്ടു. കോടതിക്ക് പുറത്ത് ഇരുകുടുംബങ്ങളും അനുരഞ്ജനത്തിലേർപ്പെടുകയും ഗജേന്ദ്ര സിങ് തോമറും കുടുംബവും ഗ്രാമത്തിലേക്ക് തിരിച്ചെത്തുകയുമായിരുന്നു. ഇവർ തിരിച്ചെത്തിയതോടെ മുൻകൂട്ടി തീരുമാനിച്ച പ്രകാരം ധീർസിങ്ങും കുടുംബവും ഇവരെ ആക്രമിക്കുകയായിരുന്നു.

തവളകൾ ഇല്ലാതാകുന്നകാലം വിദൂരമല്ല: പ്രൊഫ. എസ് ഡി ബിജു

തിരുവനന്തപുരം

തവളകൾ ഭൂമുഖത്തുനിന്ന് പൂർണമായി അപ്രത്യക്ഷമാകുന്ന കാലം വിദൂരമല്ലെന്ന് ഡൽഹി യൂണിവേഴ്സിറ്റി പ്രൊഫസറും ഉഭയജീവി ഗവേഷകനുമായ എസ്ഡി ബിജു. 'തവള സംസാരം' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭൂമിയുടെ കഥ പറയുന്നതുപോലെയാണ് തവളകളെക്കുറിച്ച് പറയുന്നത്. ജീവിച്ചിരിക്കുന്നതിൽ ഏറ്റവും പ്രായം കൂടിയ ജീവിയാണ് തവള. എല്ലാ ജീവികളുടെയും പരിണാമം നേരിട്ട് കണ്ടിട്ടുള്ള ഏക ജീവിയാണതെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രി ജി ആർ അനിൽ, മന്ത്രി വി ശിവൻകുട്ടി, സി പി ജോൺ എന്നിവർ ചേർന്ന് ബിജുവിനെ ആദരിച്ചു. പി വി മുരുകൻ, ലാൽ കുമാർ എന്നിവർ പങ്കെടുത്തു. സംസ്ഥാനസർക്കാരിന്റെ കേരള ശ്രീ (ശാസ്ത്രം) ലഭിച്ചതിന്റെ പശ്ചാത്തലത്തിലാണ് യൂണിവേഴ്സിറ്റി കോളേജിലെ സുഹൃത്തുക്കൾ പരിപാടി സംഘടിപ്പിച്ചത്.

യൂണിവേഴ്സിറ്റി കോളേജിലെ ഫ്രണ്ട്സ് ഓഫ് ബിജു കൂട്ടായ്മ സംഘടിപ്പിച്ച ചടങ്ങിൽ ശാസ്ത്രജ്ഞനും തവള ഗവേഷകനുമായ ഡോ. എസ് ഡി ബിജുവിനെ മന്ത്രിമാരായ വി ശിവൻകുട്ടിയും ജി ആർ അനിലും സിഎംപി സംസ്ഥാന സെക്രട്ടറി സി പി ജോണും ചേർന്ന് ആദരിക്കുന്നു

മത്സ്യ അനുബന്ധ തൊഴിലാളി ജാഥ പ്രയാണം തുടരുന്നു

കണ്ണൂർ

മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികൾ 19ന് രാജ്ഭവനിലേക്ക് നടത്തുന്ന മാർച്ചിന്റെ പ്രചാരണാർഥമുള്ള വാഹനജാഥാ പര്യടനം രണ്ടാംദിനം മട്ടന്നൂരിൽ സമാപിച്ചു. മത്സ്യ അനുബന്ധ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജാഥ 17ന് തിരുവനന്തപുരത്ത് സമാപിക്കും.

മത്സ്യവ്യവസായം സംരക്ഷിക്കുക, കേന്ദ്രനയങ്ങൾ തിരുത്തുക, പീലിങ് തൊഴിലാളികൾക്ക് പ്രത്യേക ആരോഗ്യപദ്ധതി നടപ്പാക്കുക, മത്സ്യഫെഡിൽ അംഗത്വം നൽകുക, പലിശരഹിത വായ്പ അനുവദിക്കുക, ക്ഷേമനിധി അംഗങ്ങൾക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് രാജ്ഭവൻ മാർച്ച്.

സ്വീകരണകേന്ദ്രങ്ങളിൽ ജാഥാ ലീഡർ എ സഫറുള്ള, മാനേജർ കെ കെ കലേശൻ, യു രാജുമോൻ, സക്കീർ അലങ്കാരത്ത്, മനോഹരൻ പനോളി, കെ എം അലി, സിഐടിയു സംസ്ഥാന സെക്രട്ടറി കെ പി സഹദേവൻ, അരക്കൻ ബാലൻ, കെ അശോകൻ തുടങ്ങിയവർ സംസാരിച്ചു. കാസർകോട് മടക്കര ഹാർബറിൽ അവറാൻകുട്ടി, കാലിക്കവിൽ കെ രാജീവൻ, പയ്യന്നൂർ പാലക്കോട് കെ കെ ഗംഗാധരൻ, ധർമശാലയിൽ ബാബുരാജ്, കണ്ണൂർ ആയിക്കരയിൽ കെ ഷഹറാസ്, മട്ടന്നൂരിൽ എം പുരുഷോത്തമൻ എന്നിവർ അധ്യക്ഷരായി.

മത്സ്യ അനുബന്ധ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജാഥയ്ക്ക് മട്ടന്നൂരിൽ നൽകിയ സ്വീകരണത്തിൽ ജാഥാ ലീഡർ എ സഫറുള്ള സംസാരിക്കുന്നു

ജാഥ ഇന്ന്

തലശേരി – രാവിലെ 8, മാനന്തവാടി – 3, കൽപ്പറ്റ – 5.

2 മാസത്തിൽ തീരുമാനം എടുക്കണമെന്ന് ഹരിത ട്രിബ്യൂണൽ

ന്യൂഡൽഹി

കശാപ്പുകേന്ദ്രങ്ങൾക്കും മാംസ സംസ്കരണകേന്ദ്രങ്ങൾക്കും പാരിസ്ഥിതിക അനുമതി നിർബന്ധമാക്കണമെന്ന വിദഗ്ധസമിതി ശുപാർശയിൽ രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ദേശീയ ഹരിത ട്രിബ്യൂണൽ. പാരിസ്ഥിതിക ആഘാത നിർണയ വിജ്ഞാപനത്തിന്റെ (2006) പരിധിയിൽ ഇവയെ ഉൾപ്പെടുത്തണമെന്നാണ് ഡോ. എസ് ആർ വാട്ടേ സമിതിയുടെ ശുപാർശ. വനം, പരിസ്ഥിതി മന്ത്രാലയം രണ്ടു മാസത്തിനുള്ളിൽ തീരുമാനമെടുക്കാത്ത പക്ഷം വിജ്ഞാപനം കശാപ്പുകേന്ദ്രങ്ങൾക്കും സംസ്കരണ കേന്ദ്രങ്ങൾക്കും ബാധകമാകുമെന്നും ട്രിബ്യൂണൽ ഉത്തരവിൽ പറഞ്ഞു.

ഒന്നാം ചരമവാർഷികം (06-05-2023)

പ്രൊഫ. എം.ജി. ഗോപാലകൃഷ്ണൻ നായർ
സന്തപ്ത കുടുംബാംഗങ്ങൾ

RNI Reg. No. 44790/90. Vol. XXXV No.119 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com